# പേഴ്സണൽ ലോ ബോർഡിൽ സ്ത്രീ പ്രാതിനിധ്യം വർധിപ്പിക്കണം

**ആൾ** ഇന്ത്യാ മുസ്ലിം പേഴ്സണൽ ലോ ബോർഡിൽ 30 ശതമാനം സ്ത്രീ സംവരണം നടപ്പാക്കണമെന്ന് പ്രമുഖ ശീഈ പണ്ഡിതനും ബോർഡ് വൈസ് പ്രസിഡന്റുമായ ഡോ. കൽബെ സാദിഖ് ആവശ്യപ്പെട്ടു. ഭാരതീയ മുസ്ലിം മഹിളാ ആന്ദോളൻ കൺവൻഷനിലാണ് അദ്ദേഹം ഈ ആവശ്യമുന്നയിച്ചത്. മുസ്ലിം സ്ത്രീകൾക്ക് കൂടുതൽ നീതിയും രക്ഷയും ലഭിക്കാൻ ഇത് കാരണമാകും. ഇറാനിലെ സ്ത്രീകൾ പുരുഷന്മാരോടൊപ്പം സാമൂഹിക മേഖലകളിൽ പ്രവർത്തിക്കുന്ന കാര്യം അദ്ദേഹം അനുസ്മരിച്ചു.

എന്നാൽ ഡോ. സാദിഖിനെതിരെ കടുത്ത വിമർശനവുമായി മറ്റൊരു ബോർഡംഗം അഡ്വ. സഫരിയാബ് ജീലാനി രംഗത്തെത്തി. നിലവിൽ 251 അംഗ ബോർഡിൽ 30 പേർ സ്ത്രീകളാണ്. ഇവരിൽ പകുതിയിലധികവും യോഗങ്ങൾക്ക് വരാറില്ല. സ്ത്രീ പ്രാതിനിധ്യം വർധിപ്പിച്ചാൽ പങ്കെടുക്കാത്തവരുടെ എണ്ണം വർധിക്കുക മാത്രമേയുള്ളൂവെന്ന് അദ്ദേഹം പറഞ്ഞു. കഴിവും യോഗ്യതയുമുള്ള സ്ത്രീകളെ ചൂണ്ടിക്കാണിക്കാനും അദ്ദേഹം കൽബെ സാദിഖിനോട് ആവശ്യപ്പെട്ടു.

## ജാമിഅ മില്ലിയ്യയിൽ മുസ്ലിം വിദ്യാർഥികൾക്ക് 50 ശതമാനം സംവരണം വേണം

ജാമിഅ മില്ലിയ്യ ഇസ്ലാമിയ്യയിൽ മുസ്ലിം വിദ്യാർഥികൾക്ക് 50 ശതമാനം സംവരണം വേണമെന്ന് ജാമിഅ ടീച്ചേഴ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു. "ഭരണഘടനയുടെ ഖണ്ഡിക 30(എ) പ്രകാരം ജാമിഅ ഒരു ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനമാണ്. സമുദായ നന്മക്കു വേണ്ടി സമുദായ നേതാക്കൾ ആരംഭിച്ചതാണ് ജാമിഅ. സുപ്രീംകോടതിയുടെ സെന്റ് സ്റ്റീഫൻ കേസിലെ വിധിയനുസരിച്ച് ന്യൂനപക്ഷ സ്ഥാപനത്തിലെ 50 ശതമാനം അതാത് സമുദായത്തിന് നൽകണം" അസോസിയേഷൻ ആവശ്യപ്പെട്ടു. ജാമിഅ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് അസോസിയേഷൻ, ജാമിഅ സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ, ഷഫീഖുർറഹ്മാൻ കിദ്വായ് അസോസിയേഷൻ, ജാമിഅ ഓൾഡ് ബോയ്സ് അസോസിയേഷൻ തുടങ്ങിയവയും ഇതേ ആവശ്യമുന്നയിച്ചിട്ടുണ്ട്.

## ഫലസ്ത്വീൻ ക്രിസ്ത്യൻ ആക്ടിവിസ്റ്റ് ജമാഅത്ത് മർകസിൽ

ഫലസ്ത്വീനിലെ ക്രിസ്ത്യൻ ആക്ടിവിസ്റ്റായ ഹുവൈദ അർറാവ് ദൽഹിയിലെ ജമാഅത്ത്

മർകസ് സന്ദർശിച്ചു. ഗസ്സയിലെ ജനങ്ങളെ കൊല്ലാക്കൊല നടത്തുന്ന ഇസ്രയേലിനെതിരെ അന്താരാഷ്ട്ര സമ്മർദം ശക്തിപ്പെടുത്തണമെന്ന് അവർ ആവശ്യപ്പെട്ടു. മാനുഷിക മൂല്യങ്ങളിൽനിന്നുകൊണ്ടാണ് ഫലസ്തീനികൾക്കു വേണ്ടി പോരാടുന്നതെന്നും അവർ പറഞ്ഞു. ജ.ഇ അഖിലേന്ത്യാ അമീർ മൗലാനാ ജലാലുദ്ദീൻ ഉമരി, സെക്രട്ടറി ജനറൽ നുസ്റത്ത് അലി, മുജ്തബ ഫാറൂഖ്, ഡോ. എസ്.ക്യു.ആർ ഇൽയാസ്, മൗലാനാ അബ്ദുൽ വഹാബ് ഖിൽജി, മൗലാനാ അതാഉർറഹ്മാൻ ഖാസിമി, ഫിറോസ് മിതിബോർവാല, ഡോ. അൻവർ അലി, ഡോ. മുസമ്മിൽ ഹുസൈനി, ജാവേദ് ഹബീബ് തുടങ്ങിയവർ സംബന്ധിച്ചു.

## ജംഇയ്യത്തുൽ ഉലമയിലെ ഭിന്നിപ്പ് രൂക്ഷമാവുന്നു

**ഇ**ന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന മുസ്‌ലിം പണ്ഡിത സംഘടനയായ ജംഇയ്യത്തുൽ ഉലമായെ ഹിന്ദിൽ ഭിന്നത മൂർഛിക്കുന്നു. മൗലാനാ അർഷദ് മദനിയും മൗലാനാ മഹ്മൂദ് മദനി എം.പിയുമാണ് ഇരു വിഭാഗത്തെയും നയിക്കുന്നത്. പിളർപ്പിന്റെ വ്യക്തമായ സൂചനകൾ നൽകി മഹ്മൂദ് മദനി ദയൂബന്ദിൽ നവംബർ 1-ന് വിപുലമായ സമ്മേളനം പ്രഖ്യാപിച്ചിരിക്കുകയാണ്. 2006ൽ മൗലാനാ അസദ് മദനിയുടെ നിര്യാണത്തെ തുടർന്നാണ് ജംഇയ്യത്തിൽ ഭിന്നത രൂക്ഷമായത്.

## ആന്ധ്രയിലും യു.പിയിലും വെള്ളപ്പൊക്ക ദുരിതാശ്വാസം

**ക**നത്ത പേമാരിയെ തുടർന്ന് ആന്ധ്രയിലെ കർണൂൽ, കൃഷ്ണ, മെഹ്ബൂബ് നഗർ, ഗുണ്ടൂർ, ഈസ്റ്റ് ഗോദാവരി, കടപ്പ ജില്ലകളിൽ വെള്ളപ്പൊക്കവും നാശനഷ്ടങ്ങളും സംഭവിച്ചു. 52 പേർ മരണപ്പെട്ടു. നാലു ലക്ഷം പേർ ഭവനരഹിതരായി. ജ.ഇ ആന്ധ്രഘടകം വിപുലമായ ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. സാമൂഹിക സേവന വിഭാഗം സെക്രട്ടറി എം.എൻ ബേഗ് സാഹിദിന്റെ നേതൃത്വത്തിൽ 10 ലക്ഷം രൂപ ചെലവിൽ ഭക്ഷ്യാഹാരങ്ങളും മരുന്നുകളും വിതരണം ചെയ്തു. തൊഴിൽ, വീട്പുനർനിർമാണം, വീട്ടുസാധനങ്ങൾ, വസ്ത്രം, പുതപ്പ്, മരുന്ന്, വിദ്യാഭ്യാസ സഹായം എന്നിവക്കായി 50 ലക്ഷം രൂപയുടെ വിപുലമായ പദ്ധതികളാണ് തയാറാക്കിയിരിക്കുന്നത്. റിലീഫ് ഫണ്ടിലേക്ക് ഉദാരമായി സംഭാവന ചെയ്യാൻ സംസ്ഥാന അമീർ മലിക് മുഅ്തസിംഖാൻ അഭ്യർഥിച്ചു. (സംഭാവനകൾ അയക്കേണ്ട വിലാസം: ജ.ഇ ആന്ധ്ര-ഒറീസ സോൺ, അക്കൗണ്ട് നമ്പർ 3008831345, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഛട്ട ബസാർ, ഹൈദരാബാദ്). എസ്.ഐ.ഒ, എം.പി.ജെ പ്രവർത്തകരും റിലീഫ് പ്രവർത്തനങ്ങളിൽ സജീവമായി പങ്കുകൊണ്ടു. യു.പിയിലെ ബാരാബങ്കി ജില്ലയിൽ പ്രളയക്കെടുതികൾക്കിരയായവർക്കുവേണ്ടി ജ.ഇ ത്രിദിന മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.